**കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ പാലക്കാട് ജില്ല**

**പ്രവചന കാലയളവ് 06.08.2025 മുതൽ 10.08.2025 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**

**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**

**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| **എ എ എസ് ബുള്ളറ്റിൻ നമ്പർ 31/2025 (62) ചൊവാഴ്ച** | **തീയ്യതി 05/08/2025** |
|---|---|

## 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :

| കാലാവസ്ഥാ ഘടകങ്ങൾ | 06.08.2025 | 07.08.2025 | 08.08.2025 | 09.08.2025 | 10.08.2025 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 25 | 30 | 10 | 5 | 2 |
| ഉയർന്ന താപനില (°C) | 29 | 30 | 32 | 32 | 32 |
| കുറഞ്ഞ താപനില (°C) | 24 | 25 | 25 | 25 | 25 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 95 | 95 | 95 | 95 | 95 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 76 | 76 | 76 | 76 | 76 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 4 | 10 | 8 | 4 | 3 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 230 | 250 | 250 | 250 | 230 |
| മേഘ വ്യാപ്തി (ഒക്ടാ ) | 8 | 7 | 8 | 7 | 7 |

കാലാവസ്ഥാ അറിയിപ്പ്:- IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യത. 2025 ആഗസ്ത് 05, 06 തീയ്യതികളിൽ കേരളത്തിൽ ഇടയ്ക്കിടെ ശക്തമായ കാറ്റ് വീശാൻ സാധ്യതയുണ്ട്. കേരളത്തിൽ ശരാശരിയേക്കാൾ കൂടുതൽ മഴ ലഭിക്കാൻ സാധ്യത.

## 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

പൊതുനിർദേശങ്ങൾ:-. വിളകളിൽ കൃതയമായ നീർവാർച്ച സൗകര്യം ഒരുക്കുക. വിളകൾക് താങ്ങുകൾ കൊടുക്കുക. താങ്ങുകൾ കൂടുതൽ ബലപ്പെടുത്താൻ ശ്രദ്ധിക്കുക. പാകമായ വിളകളിൽ കഴിവതും നേരത്തെ തന്നെ വിളവെടുപ്പ് നടത്തുക. രോഗങ്ങളുടെയും കീടങ്ങളുടെയും ആക്രമണം ഒഴിവാക്കുന്നതിനായി കളകളും ഉണങ്ങിയതും രോഗം ബാധിച്ചതുമായ ചെടികളും കൃഷിയിടങ്ങളിൽ നിന്നും നീക്കം ചെയ്തു വൃത്തിയായി സൂക്ഷിക്കുക.

| വിളകൾ | രോഗകീടങ്ങൾ, വിളപരിപാലനം | കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (വിരിപ്പ്) ചിനപ്പ്പൊട്ടുന്ന പരുവം | ഇലചുരുട്ടിപ്പുഴ | നെൽപ്പാടങ്ങളിൽ ഇലചുരുട്ടിപ്പുഴുവിന്റെ ആക്രമണം കാണാൻ സാധ്യതയുണ്ട്. ഇതിനു മുൻകരുതലായി പറിച്ചു നട്ടു മൂന്നാമത്തെ ആഴ്ച മുതൽ ട്രൈക്കോഗ്രമ്മ കൈലോണിസ്ന്റെ മുട്ടക്കാർഡുകൾ 5 ആഴ്ച തുടർച്ചയായി ഏക്കറിന് 2cc എന്ന കണക്കിൽ വച്ചുകൊടുക്കുക. ആക്രമണം ശ്രദ്ധയിൽപ്പെട്ടാൽ ബാസിലസ്സ് തുറിഞ്ചിയൻസിസിൻറെ അനുയോജ്യമായ ഫോർമുലേഷൻ 1g ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ശർക്കര ചേർത്ത് തെളിഞ്ഞ കാലാവസ്ഥയിൽ തളിക്കുക. |
| വെണ്ട | ഇലപ്പുള്ളി രോഗം | വെണ്ടയിൽ ഇലപ്പുള്ളി രോഗം കണ്ടുവരുന്നുണ്ട്. ഇത് നിയന്ത്രിക്കുന്നതിനായി ട്രൈക്കോഡെർമ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിച്ച് കൊടുക്കുക. രോഗം മൂർച്ഛിക്കുകയാണെങ്കിൽ മാങ്കോസെബ് 3 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിച്ചുകൊടുക്കുക |
| പച്ചക്കറികൾ | പരിചരണം | പച്ചക്കറിത്തൈകൾ നടുമ്പോൾ തൈചീയൽ/ കടചീയൽ രോഗം വരാൻ സാധ്യതയുണ്ട്. ഇതിനായി നീർവാർച്ചാ സൗകര്യമുള്ള കൃഷിയിടങ്ങൾ ഒരുക്കുക. മണ്ണുപരിശോധന അടിസ്ഥാനത്തിൽ കുമ്മായം ചേർത്തുകൊടുക്കുക. ട്രൈക്കോഡെർമ കൾച്ചർ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കിയ ലായനിയിൽ വിത്ത് പുരട്ടി 12 മണിക്കൂർ വച്ച ശേഷം നടുക. അല്ലെങ്കിൽ വിത്ത് പാകുന്നതിനു മുൻപ് വേപ്പിൻ പിണ്ണാക്കിലോ ചാണകത്തിലോ വളർത്തിയെടുത്ത ട്രൈക്കോഡെർമ മണ്ണിൽ ചേർത്ത് കൊടുക്കുക. തൈയ് മുളച്ചതിനു ശേഷം 1 % ബോർഡോ മിശ്രിതം തൈയുടെ ചുവട്ടിൽ ഒഴിച്ചുകൊടുക്കുക. |

മൃഗസംരക്ഷണം-:കൂടുകളുടെ തറയിൽ വെള്ളം നനയുന്നതും ഈർപ്പം തങ്ങിനിൽക്കുന്നതും രോഗാണുക്കളുടെ വർദ്ധനവിന്കാരണമാകും. തറയിലെ വിരിപ്പിൽ ഈർപ്പം തട്ടുമ്പോൾ പുറത്തുവരുന്ന അമോണിയ വാതകം കോഴിയുടെ ആരോഗ്യത്തിനു ഹാനികരമാണ്. അതുകൊണ്ടു വിരിപ്പ് ഇടയ്ക്കിടെ ഇളക്കി കൊടുത്തു ഈർപ്പം അകറ്റുവാൻ ശ്രദ്ധിക്കണം.